മുനിസിപ്പാലിറ്റികൾ.

44. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

സ്വയംഭരണസ്ഥാപനങ്ങളായ മുനിസിപ്പാലിറ്റികൾ കമ്മീഷണർമാരുടെ സേച്ഛാഭരണത്തിനു വിധേയമായിരിക്കുന്നതിനാൽ പൊതുജനങ്ങളുടെ ഇടയിൽ കഠിനമായ അതൃപ്തി ഉണ്ടെന്നുള്ളതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : ഇല്ല.

MR. T. A. ABDULLA : തിരുവല്ലാ മുൻസിപ്പാലിറ്റിയിൽനിന്നും അങ്ങനെയൊരു നിശ്ചയം പാസ്സാക്കിയിട്ടുള്ളതായി അറിയാമോ?

HON'BLE MR. G. RAMACHANDRAN : അറിവില്ല.

45. MR. MOHAMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) നമ്മുടെ വ്യവസായ ഡിപ്പാർട്ടുമെൻറ് എന്തെങ്കിലും നിർമ്മാണപരമായ (Manufacturing) പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം സാധനങ്ങളാണ് നിർമ്മിച്ചുവരുന്നത്?

(ബി) ടി ഡിപ്പാർട്ടുമെൻറിൽ ഫ o o രൂപായ്ക്കുമേൽ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥന്മാരുടെ സംഖ്യ എത്രയെന്നു വെളിപ്പെടുത്തുമോ?

HON'BLE MR. T. M. VARGHESE : (എ) ഉണ്ട്. പലമാതിരി അപ്പറിക്കൽ സാധനങ്ങൾ ഉണ്ടാക്കുന്നു. അതായതു്, സ്റ്റെക്കറിക്കിൾ ചെൻസുകൾ, മാഗ്നൈഫൈങ്ങ് ലെൻസുകൾ, കാൺപെക സും കാൺകേവുംമിറുകൾ, പ്രിംസസ്, എന്നിവയും ഹാൻഡ് മേഡ ഫയൽ ബോഡും കൂടാതെ സൈൻറിഫിക്ക് സാമാനങ്ങളും ഉണ്ടാക്കുന്നുണ്ട്.

(ബി) ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം കാണിക്കുന്ന ലിസ്റ്റ് മേശമേൽ വച്ചിട്ടുണ്ട്. അതു വളരെ കൂടുതൽ ഇല്ലാത്തതുകൊണ്ടു വേണമെങ്കിൽ വായിക്കാം.

1. Director of Industries.
2. Textile Assistant.
3. Industrial Engineer (Vacant).
4. Superintendent, S. M. R. V. Technical Institute, Nagercoil.
5. Headmaster, Government School of Commerce, Quilon.
6. First Assistant, Government School of Commerce, Quilon,
7. Manager, Office of the Director of Industries.

ഇവരാണു ഡിപ്പാർട്ടുമെൻറിൽ ഫ o o രൂപായിൽ കൂടുതൽ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാർ.

LIBRARY ARCHIVES Kerala Legislative Assembly

MR. MOHAMMED MUSTAFA : ഈ സാധനങ്ങൾ എവിടെയാണ് പിറന്നിച്ചുവരുന്നത്?

HON'BLE MR. T. M. VARGHESE : അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MR. T. A. ABDULLA : ഈ സാധനങ്ങൾ എല്ലാം മി. എച്ച്. പി. വാറൻ ഉണ്ടാക്കുന്നതാണോ?

HON'BLE MR. T. M. VARGHESE : മി. എച്ച്. പി. വാറൻ ആണ് ഇപ്പോഴത്തെ വ്യവസായഡയറക്ടർ. ആ സ്ഥിതിക്ക് അദ്ദേഹത്തിന്റെ മേൽനോട്ടത്തിലായിരിക്കും ഉണ്ടാക്കുന്നത്.

MR. K. A. MOHAMMED (*Quilon IV—Muslim*) : ഈ സാധനങ്ങൾ വിൽക്കുന്നതിന് എവിടെയാണ് പ്രദർശിപ്പിച്ചിരിക്കുന്നത്.

HON'BLE MR. T. M. VARGHESE : അത് വ്യവസായഡയറക്ടറാഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

MR. K. A. MOHAMMED : ഈ സാധനങ്ങൾ എവിടെയാണ് ഉണ്ടാക്കുന്നതെന്ന് പറയാമോ?

HON'BLE MR. T. M. VARGHESE : വാട്ടർവർക്ക്സ് കിടക്കുന്ന സ്ഥലത്ത് ഇതിനുവേണ്ടി ഒരു ശാല കെട്ടിയിട്ടുണ്ട്. അവിടെ ചെന്നാൽ കാണാവുന്നതാണ്. കൂടുതൽ ശാലകൾ കെട്ടിവരുന്നുമുണ്ട്.

MR. K. R. ELANKATH : നിർമ്മിച്ചിട്ടുള്ള സാധനങ്ങൾ കമ്മേഴ്സ്യലായി ലാഭമുള്ള തരത്തിലാണോ ചെയ്തിട്ടുള്ളത്?

HON'BLE MR. T. M. VARGHESE : എല്ലാംകൂടി കണക്കാക്കി നോക്കുമ്പോൾ അല്പമെങ്കിലും ലാഭമുണ്ടെന്നാണ് ബോദ്ധ്യപ്പെട്ടിരിക്കുന്നത്.

MR. MANNAR GOPALAN NAIR : ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റു വകയായി ഒരു സെയിൽസ് ഡിപ്പോ ഉണ്ടോ എന്നു പറയാമോ?

HON'BLE MR. T. M. VARGHESE : പ്രത്യേകമുള്ളതായി അറിവില്ല. അന്വേഷിച്ചു പറയാം.

പൊതുമരാമത്തുജോലികൾ.

46. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly